# ലേബർ കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: ഡോ.ചിത്ര.എസ്, ഐ.എ.എസ്)**

**വിഷയം :-** തൊഴിൽ വകുപ്പ് - 1958 ലെ മിനിമം വേതന ചട്ടങ്ങൾ - വേനൽക്കാല പശ്ചാത്തലത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ. ഇ.എൻ (5) 3216/2021 തീയതി: 17.02.2021**

കേരളത്തിൽ വേനൽക്കാലം ആരംഭിക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുന്നതുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യമുണ്ട്. ആയതിനാൽ പൊതുജന താൽപ്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ, ചട്ടം 24, 25-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2021 ഫെബ്രുവരി 17 മുതൽ ഏപ്രിൽ 30 വരെ താഴെപ്പറയുന്ന രീതിയിൽ പുന:ക്രമീകരിച്ചുകൊണ്ടും ആയതിൻ പ്രകാരം പരിശോധന ഉദ്യോഗസ്ഥർ പാലിക്കേണ്ട വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു.

1) പകൽ സമയം വെയിലത്ത് ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12:00 മണി മുതൽ 3:00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടു മണിക്കൂറായി നിജപ്പെടുത്തുന്നു. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രാവിലത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 12:00 മണിക്ക് അവസാനിക്കുന്ന തരത്തിലും ഉച്ചയ്ക്കുശേഷമുള്ള ഷിഫ്റ്റ് വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന തരത്തിലും പുന:ക്രമീകരിക്കുന്നു.

2) സമുദ്രനിരപ്പിൽ നിന്ന് 3000 അടിയിൽ കൂടുതൽ ഉയരമുള്ള സൂര്യാഘാതത്തിന് സാദ്ധ്യതയില്ലാത്ത മേഖലകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു.

3) പ്രാദേശികമായ ഏതെങ്കിലും അടിയന്തിര സാഹചര്യത്തിൽ ടി ഉത്തരവ് പ്രകാരമുള്ള കാലയളവിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയത്

സംബന്ധമായ റിപ്പോർട്ട് ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ ലേബർ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

4) ജില്ലാ ലേബർ ഓഫീസർ / പ്ലാന്റേഷൻ ഇൻസ്പെക്ടർ എന്നിവർ ഈ ഉത്തരവ് നടപ്പിലാക്കി ആയത് സംബന്ധിച്ച പ്രതിദിന റിപ്പോർട്ട് ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ gsectionlcoffice@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അതത് ദിവസം 4.30 മണിക്ക് മുമ്പായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ/ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

5) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ തൊഴിൽ മേഖലകളിൽ നടത്തുന്ന പരിശോധനകളോടൊപ്പം കൺസ്ട്രക്ഷൻ സൈറ്റുകൾക്കും റോഡ് നിർമ്മാണ മേഖലയ്ക്കും പ്രത്യേകം പരിഗണന നൽകിക്കൊണ്ട് ദൈനംദിന പരിശോധന നിശ്ചയമായും നടത്തേണ്ടതും ഇതിനായി എല്ലാ ജില്ലകളിലും ജില്ലാ ലേബർ ഓഫീസർ / ഡെപ്യൂട്ടി ലേബർ ഓഫീസർ / അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 എന്നിവരുടെ നേതൃത്വത്തിൽ മൂന്ന് ടീമുകൾ രൂപീകരിക്കുകയും **(ടീമുകൾ രൂപീകരിച്ചുകൊണ്ടുള്ള പൂർണ്ണവിവരം 18/02/2021 തീയതിയ്ക്ക് മുൻപായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്)** ടി ടീമുകൾ ടി മേഖലകളിൽ എല്ലാ ദിവസവും പരിശോധന നടത്തി ദൈനംദിന റിപ്പോർട്ട് മേൽ ഖണ്ഡിക പ്രകാരമുള്ള പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ (I/C)

1. എല്ലാ ജില്ലാ കളക്ടർമാർക്കും (ആമുഖകത്ത് സഹിതം)
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
4. പബ്ലിസിറ്റി ഓഫീസർ
5. വെബ്മാസ്റ്റർ
6. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

# സൂര്യാഘാതം - പ്രതിദിന പരിശോധന റിപ്പോർട്ട്

| ജില്ല | പരിശോധനയുടെ എണ്ണം | പരിശോധ നടത്തിയ സ്ഥാപനങ്ങളുടെ പേര് | ലേബർ കമ്മീഷണറുടെ 17/02/2021 തീയതിയിലെ ഉത്തരവ് | | നടപടി സ്വീകരിച്ചവയുടെ എണ്ണം / സ്വീകരിച്ച നടപടി | റിമാർക്സ് |
|---|---|---|---|---|---|---|
| | | | പാലിച്ചവയുടെ എണ്ണം | പാലിക്കാത്തവയുടെ എണ്ണം | | |
| | | | | | | |
| | | | | | | |
| | | | | | | |

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ /
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്

NB:- പ്രതിദിന പരിശോധന സംബന്ധിച്ച വിവരങ്ങൾ ഈ പ്രൊഫോർമയിൽ എല്ലാ ദിവസവും വൈകിട്ട് 4.30 -നുള്ളിൽ ഇ-മെയിൽ മുഖാന്തരം ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ / ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ദൈനംദിന റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസർമാരും റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും അതാതുദിവസങ്ങളിൽ എൻഫോഴ്സ്മെന്റ് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യേണ്ടതാണ്.

S@r! 16221